**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1629** **08-12-2022 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ എന്നിവ എത്രയെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 20.02.2022 ലെ സ.ഉ.(കൈ) നം.56/2022/റവ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തി ജില്ലാ കളക്ടർമാരുടെ നടപടിക്രമം പ്രകാരം സംസ്ഥാനത്തുടനീളം വിവിധ റവന്യൂ ഓഫീസുകളിലായി ആകെ 917 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. (ക്ലാർക്ക്-755, സർവ്വെയർ-143, ഡേറ്റാ എൻട്രി ഓപ്പറേറ്റർ -19). ഭൂമി തരം മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ സർക്കാരിന്റെ 26.11.2022 ലെ സ.ഉ.(കൈ) നം.278/2022/റവ നമ്പർ ഉത്തരവ് പ്രകാരം ടി താൽക്കാലിക ജീവനക്കാരുടെ കാലയളവ് 179 ദിവസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ, പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 163 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. (വി.എഫ്.എ-116, ലിഫ്റ്റ് ഓപ്പറേറ്റർ-3, പാർട്ട് ടൈം സ്വീപ്പർ-31, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-2, ഓഫീസ് അറ്റൻഡന്റ്-4, എൽ.ഡി.ടൈപ്പിസ്റ്റ്-4, സർജന്റ്-1, നൈറ്റ് വാച്ച്മാൻ-2). |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ടി ജീവനക്കാർക്ക് വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം ആകെ 2,16,37,511/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ ആകെ 1080 (917+163) നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ